**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6412** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക ജോലിക്കിടെ മരണപ്പെട്ട ഹുസൈന്റെ കുടുംബത്തിനുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഔദ്യോഗിക ജോലിക്കിടെ കാട്ടാനയുടെ ആക്രമണം മൂലം മരണപ്പെട്ട കോഴിക്കോട് മുക്കം സ്വദേശി ഹുസൈന്റെ കുടുംബത്തിന് ഇതുവരെ നൽകിയിട്ടുള്ള സഹായം വിശദമാക്കുമോ; | (എ) | വന്യമൃഗ ആക്രമണത്തിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപയുടെ ആദ്യഗഡുവായ 5 ലക്ഷം രൂപ ഹുസൈന്റെ കുടുംബത്തിന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 5 ലക്ഷം രൂപ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. കൂടാതെ എഫ്.ഡി.എ-യിൽ നിന്നും 1,40,000/- രൂപയും ടിയാന്റെ കുടുംബത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബത്തിനെ സഹായിക്കുന്നതിന് മരിച്ച വ്യക്തിയുടെ ഭാര്യയ്ക്ക് ജോലി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | ഹുസൈൻ.ടി.കെ-യുടെ ഭാര്യയ്ക്ക് താമരശ്ശേരി റെയിഞ്ചിൽ ആർ.ആർ.ടി-യിൽ പാർട്ട് ടൈം സ്വീപ്പറായി എഫ്.ഡി.എ മുഖാന്തിരം താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. ഹുസൈന്റെ ആശ്രിതർക്ക് ജോലി നൽകുന്ന വിഷയം പരിശോധിച്ച് അടിയന്തരമായി ശുപാർശ സർക്കാരിൽ സമർപ്പിക്കുവാനായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്, 10/11/2022 തീയതിയിലെ എഫ്-3/235/2022/വനം കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ